I ഇ.ബി. XIV - കേരള നിയമസഭ /X-14

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 20, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **അടിയന്തരപ്രമേയം**

കർഷക സമരം അടിച്ചമർത്താനുള്ള നീക്കം

മി. സ്പീക്കർ: തളിപ്പറമ്പിനടുത്ത് കീഴാറ്റൂർ ദേശത്ത് കൃഷിഭൂമി നികത്തി കുപ്പം-കുറ്റിക്കോൽ ബൈപ്പാസ് നിർമ്മിക്കുന്നതിനെതിരെ 'വയൽക്കിളികൾ' എന്ന പേരിലുള്ള ജനകീയ കൂട്ടായ്മ നടത്തുന്ന സമരം അടിച്ചമർത്താനുള്ള സർക്കാർ നീക്കത്തെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

സർവ്വശ്രീ. വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ. ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്.)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഇന്നത്തെ അടിയന്തരപ്രമേയ വിഷയത്തിന് വികസനപരമായോ കാർഷികപരമായോ ധാർമ്മികമായോ യാതൊരു അടിയന്തര സ്വഭാവവുമില്ല. മാർച്ച് 14-ാം തീയതി സർവ്വേ നടത്താനെത്തിയ ഉദ്യോഗസ്ഥ സംഘത്തെ ജനങ്ങൾ തടയുകയും മണ്ണെണ്ണയും പെട്രോളും ദേഹത്തൊഴിച്ച് ആത്മഹത്യാഭീഷണി മുഴക്കുകയും പോലീസ് അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലാത്തിച്ചാർജ്ജോ മർദ്ദനമോ ഉണ്ടായിട്ടില്ല. നാഷണൽ ഹൈവേ നിർമ്മിക്കുന്നതിനായി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ അലൈൻമെന്റിൽ ചെറിയ വ്യത്യാസങ്ങൾ മാത്രമേ ഈ സർക്കാർ വരുത്തിയിട്ടുള്ളൂ. ജനകീയമായിട്ടാണ് ഇത്തരം വികസനപ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കുന്നത്. നിയമവിരുദ്ധമായി പുറത്തുനിന്നും എത്തിയ കുറച്ചാളുകൾ സംഘം ചേർന്ന് പ്രദേശവാസികളെ തെറ്റിദ്ധരിപ്പിച്ച് ഉണ്ടാക്കുന്ന പ്രശ്നങ്ങളല്ലാതെ മറ്റ് സംഭവങ്ങളൊന്നും നിലവിലില്ല.

ശ്രീ. വി. ഡി. സതീശൻ: തളിപ്പറമ്പിനടുത്ത് കീഴാറ്റൂർ ദേശത്ത് കൃഷിഭൂമി നികത്തി കുപ്പം-കുറ്റിക്കോൽ ബൈപ്പാസ് നിർമ്മാണത്തിനായി നാലര കിലോമീറ്റർ ദൂരം നെൽവയൽ ഏറ്റെടുക്കുന്നതിനെതിരായി 'വയൽക്കിളികൾ' എന്ന ജനകീയ കൂട്ടായ്മ നിരവധി മാസങ്ങളായി സമരം നടത്തിവരികയാണ്. നൂറുശതമാനവും നെൽക്കൃഷിയുള്ള പ്രദേശമാണത്. 23-07-2016-ന് ചേർന്ന യോഗം ബൈപ്പാസ് നിർമ്മാണത്തിനായി അലൈൻമെന്റ് സംബന്ധിച്ച് തീരുമാനമെടുക്കുകയും പിന്നീടത് മാറ്റുകയും ചെയ്തു. തുടർന്ന് സർവ്വേ നടത്താനെത്തിയ ഉദ്യോഗസ്ഥരെ ജനങ്ങൾ തടയുകയും ഹൈക്കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും നോട്ടിഫിക്കേഷൻ ഇറക്കാതെ സർവ്വേ നടത്താൻ പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. സോഷ്യൽ ഇംപാക്ട് സ്റ്റഡിയോ പബ്ലിക് ഹിയറിംഗോ നടത്താതെ 3(എ) നോട്ടിഫിക്കേഷൻ ഇറക്കുകയും നടപടിക്രമങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയും ചെയ്തപ്പോൾ സമരം വീണ്ടും ആരംഭിച്ചു. 19 ദിവസത്തെ നിരാഹാര സമരമാണ് അവിടെ നടന്നത്. സെപ്തംബർ 29-ന് വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ചതിനെത്തുടർന്ന് അലൈൻമെന്റിൽ മാറ്റം വരുത്താമെന്ന ഉറപ്പിന്മേൽ സമരം അവസാനിപ്പിച്ചെങ്കിലും കളക്ടറേറ്റിൽ നടന്ന അനുരഞ്ജനയോഗം പ്രഹസനമായപ്പോൾ സമരസമിതി നേതാക്കൾ ഇറങ്ങിപ്പോകുകയും സമരം തുടരുകയും ചെയ്തു. മാർച്ച് 14-ാം തീയതി യാതൊരു മുന്നറിയിപ്പുമില്ലാതെ പോലീസ്

സേനയുടെ അകമ്പടിയോടെ സർവ്വേ നടത്താനെത്തിയ ഉദ്യോഗസ്ഥ സംഘത്തെ ജനങ്ങൾ തടയുകയും നിരായുധരായി സമരത്തിൽ പങ്കെടുത്തിരുന്ന കുറച്ചുപേർ മണ്ണെണ്ണയും പെട്രോളും ദേഹത്തൊഴിച്ച് ആത്മഹത്യാ ഭീഷണി മുഴക്കി രാവിലെ എട്ടര മുതൽ ഉച്ചയ്ക്ക് രണ്ടരവരെ വയലിന് കാവലിരിക്കുകയും പോലീസ് അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് പോലീസ് നോക്കിനിൽക്കെ സി.പി.ഐ.(എം.) നേതാക്കളുടെ നേതൃത്വത്തിൽ സമരപ്പന്തൽ കത്തിക്കുകയും മാധ്യമപ്രവർത്തകരെയും ചാനലുകാരെയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ജനകീയ സമരങ്ങളെ അടിച്ചമർത്തുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. യു.ഡി.എഫ്. ഒരിക്കലും വികസനത്തിനെതിരല്ല. ബൈപ്പാസ് നിർമ്മാണത്തിന്റെ ആവശ്യകത സ്വന്തം പാർട്ടിക്കാരെപ്പോലും ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. അലൈൻമെന്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുമുമ്പ് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്താൻ തയ്യാറായിട്ടില്ല. കർഷക സമരത്തെ അടിച്ചമർത്താനുള്ള സർക്കാർ നീക്കം കേരളത്തിൽ അനുവദിക്കില്ല. സമരം ചെയ്യുന്നവരെ ആക്രമിക്കുന്ന നിലപാട് സ്വീകരിക്കരുതെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അത്യന്തം ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. ജെയിംസ് മാത്യു: തളിപ്പറമ്പിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് തളിപ്പറമ്പ് ബൈപ്പാസ്

യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുന്നത്. 11.5 ഏക്കർ വയൽഭൂമിയുടെ ഉടമകളായ 60 പേരിൽ 56 പേരും സ്ഥലം വിട്ടുനൽകിക്കൊണ്ട് കളക്ടർക്ക് സമ്മതപത്രം നൽകിയിട്ടുണ്ട്. കീഴാറ്റൂർ ശ്രീവേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് അനുവാദമില്ലാതെ കെട്ടിയ സമരപ്പന്തൽ തീവച്ച് നശിപ്പിച്ചത് സംബന്ധിച്ച് പരാതിയില്ലെന്ന് ക്ഷേത്ര ഭാരവാഹികൾ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തളിപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നടക്കുന്ന സമരത്തിന്റെ ഭാഗമായി അഞ്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വാസസ്ഥലങ്ങളും കൃഷിയിടങ്ങളും പരമാവധി ഒഴിവാക്കിയുള്ള അലൈൻമെന്റാണ് ദേശീയപാതാ വികസനത്തിനായി കീഴാറ്റൂരിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പ്രദേശവുമായി യാതൊരു ബന്ധമില്ലാത്ത കുറച്ചാളുകളാണ് പരിസ്ഥിതിവാദത്തിന്റെ മറവിൽ വികസനം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നത്. സ്ഥലമുടമകളിൽ ഭൂരിഭാഗംപേരും ദേശീയപാതാ വികസനത്തിന് അനുകൂല നിലപാടാണ് സ്വീകരിച്ചത്. മുൻ യു.ഡി.എഫ്. സർക്കാർ നിശ്ചയിച്ച അലൈൻമെന്റിലും ഡി.പി.ആർ.-ലും കാതലായ മാറ്റങ്ങളൊന്നും സർക്കാർ വരുത്തിയിട്ടില്ല. കേന്ദ്ര സർക്കാരും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും ഇത് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ദേശീയപാതാ വികസനം

യാഥാർത്ഥ്യമാക്കുന്നതിന് കാര്യക്ഷമമായ നടപടികളാണ് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സ്വീകരിച്ചുവരുന്നത്. ജനാധിപത്യവിരുദ്ധ സമരമാണ് കീഴാറ്റൂരിൽ നടക്കുന്നത്. ഭൂരിഭാഗം ജനങ്ങളും അംഗീകരിച്ച ദേശീയപാതാ വികസനം കൂടുതൽ ചർച്ചകളിലൂടെ സാധ്യമാക്കുന്നതിനുള്ള സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കേണ്ടത്. വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ജാഗ്രതയോടെ പ്രതികരിക്കാൻ കഴിയണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രതിപക്ഷം അടിയന്തരപ്രമേയം കൊണ്ടുവന്നത് നിർഭാഗ്യകരമാണ്. സ്ഥലപരിമിതിമൂലമാണ് സംസ്ഥാനത്ത് ദേശീയപാതയുടെ വിസ്തൃതി 45 മീറ്ററായി ചുരുക്കേണ്ടിവന്നത്. സംസ്ഥാനത്ത് ദേശീയപാതാ വികസനം തടസ്സപ്പെട്ടതിൽ എല്ലാ രാഷ്ട്രീയകക്ഷികൾക്കും ഉത്തരവാദിത്തമുണ്ട്. വികസനത്തിന്റെ കാര്യത്തിൽ അനാവശ്യമായ എതിർപ്പുകൾക്ക് മുമ്പിൽ ഈ സർക്കാർ കീഴടങ്ങില്ല. ചിലർക്ക് എതിർപ്പുണ്ടെന്നതിന്റെ പേരിൽ കീഴാറ്റൂരിലെ ദേശീയപാതാ വികസനം തടസ്സപ്പെടുത്താൻ അനുവദിക്കില്ല. സ്ഥലം നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭൂരിപക്ഷം സ്ഥലമുടമകളും അംഗീകരിച്ച

ദേശീയപാതാവികസനം യാഥാർത്ഥ്യമാക്കുന്നതിന് കക്ഷി രാഷ്ട്രീയഭേദമെന്യേ ഒരുമിച്ച് നിൽക്കാൻ തയ്യാറാകണം. നെൽകൃഷി വർദ്ധിപ്പിക്കുന്നതിനും തരിശുനിലങ്ങളിൽ കൃഷിയിറക്കുന്നതിനും പ്രായോഗിക നടപടികൾ സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പശ്ചാത്തലസൗകര്യങ്ങളുടെ വികസനവും പ്രധാനമാണ്. ബദൽ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലാണ് കീഴാറ്റൂരിൽ ബൈപ്പാസ് നിർമ്മിക്കാൻ തീരുമാനിച്ചതെന്ന വസ്തുത മനസ്സിലാക്കി സർക്കാരിനൊപ്പം നിൽക്കാൻ പ്രതിപക്ഷം തയ്യാറാകണം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) ഉപാധിരഹിത പട്ടയം

ശ്രീ. രാജു എബ്രഹാം: സംസ്ഥാനത്ത് പത്ത് ലക്ഷത്തിലധികം അർഹരായ

കുടുംബങ്ങൾക്ക് പട്ടയമില്ലാത്തതിനാൽ യാതൊരുവിധ അവകാശങ്ങളും ലഭിക്കാതെ നീതി നിഷേധിക്കപ്പെട്ടുകയാണ്. 01-01-1977-ന് മുമ്പുള്ള കൈവശക്കാർക്ക് കേന്ദ്രാനുമതിയോടുകൂടി ഉപാധിരഹിത പട്ടയം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 01-01-1977-ന് മുമ്പ് വനഭൂമി കൈവശമുള്ളവർക്ക് ജോയിന്റ് വെരിഫിക്കേഷൻ ഉൾപ്പെടെ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി, പത്തനംതിട്ട ജില്ലകളിലുൾപ്പെടെ പതിനായിരത്തിൽ കൂടുതൽ പട്ടയങ്ങൾ നൽകാനും 16311.77 ഹെക്ടർ ഭൂമി പതിച്ചു നൽകാനും സാധിച്ചു. അവശേഷിക്കുന്ന ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വരുമാന പരിധി പരിഗണിക്കാതെ ഉപാധി രഹിത പട്ടയങ്ങളാണ് കൈവശക്കാർക്ക് നൽകിവരുന്നത്.

(2) സ്കൂൾ കുട്ടികളുടെ യാത്രാ സൗകര്യങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സ്കൂൾ കുട്ടികളെ വാഹനങ്ങളിൽ കുത്തിനിറച്ചും അലക്ഷ്യമായും കൊണ്ടുപോകുന്നതും ഇതിനായി ഫിറ്റ്നസ് ഇല്ലാത്ത വാഹനങ്ങൾ ഉൾപ്പെടെ സർവ്വീസ് നടത്തുന്നതും തടയുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): അനധികൃത വാഹനങ്ങളിൽ കുട്ടികളെ സ്കൂളിലേയ്ക്ക് കൊണ്ടുപോകുന്നതിനെതിരെ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും അത് ഫലപ്രദമാകുന്നതിന് രക്ഷിതാക്കളുടെയും പി.ടി.എ.-യുടെയും പൊതുസമൂഹത്തിന്റെയും സഹകരണം ആവശ്യമാണ്. കുട്ടികളുടെ സ്കൂൾ യാത്ര സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ ജോയിന്റ് ആർ.ടി.ഒ.-മാർ തങ്ങളുടെ പരിധിയിലെ ഓരോ സ്കൂളിലും ഓരോ അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയോഗിക്കണമെന്നും യാത്രക്കാരായ വിദ്യാർത്ഥികളുടെ പേരും രക്ഷിതാക്കളുടെ സമ്പർക്ക നമ്പരും ഉൾപ്പെടെയുള്ള വിവരങ്ങൾ വാഹനത്തിൽ സൂക്ഷിക്കണമെന്നും വാഹനം ഓടിക്കുന്നവരുടെ യോഗ്യത ഉറപ്പാക്കണമെന്നും ഡോർ അറ്റൻഡന്റുമാരെ നിയമിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷം എല്ലാ വിദ്യാലയങ്ങളിലും നിർദ്ദിഷ്ട നിബന്ധനകൾ പാലിക്കുന്ന വാഹനങ്ങൾ തന്നെയാണോ കുട്ടികളെ കൊണ്ടുപോകാൻ ഉപയോഗിക്കുന്നതെന്ന് പരിശോധിക്കുന്നതാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായ നിയമലംഘനങ്ങൾ പരിശോധിച്ച് നടപടി സ്വീകരിച്ചതിനുപുറമെ അടുത്ത അദ്ധ്യയനവർഷം മുതൽ എല്ലാ സ്കൂൾ ബസ്സുകൾക്കും ജി.പി.എസ്. ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പോലീസ്/മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

## III സബ്മിഷൻ

### (1) ആലപ്പുഴ മെഡിക്കൽ കോളേജ്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ ഒഴിവുകൾ നികത്തുന്നതിനും ചികിത്സാ സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആലപ്പുഴ മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ഒഴിവുകൾ നികത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാക്കൽറ്റി ഡെഫിഷ്യൻസി കുറച്ചതിനു പുറമേ എം.ബി.ബി.എസ്. സീറ്റുകൾക്ക് എം.സി.ഐ.-യുടെ സ്ഥിരം അംഗീകാരവും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സായ ഡി.എം. (നെഫ്രോളജി) തുടങ്ങുന്നതിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്. കാൻസർ രോഗ ചികിത്സയ്ക്ക് മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപതോളജി എന്നീ വിഭാഗങ്ങൾ അനുവദിക്കുകയും ഡോക്ടർമാരുടേത് ഉൾപ്പെടെ ഇരുപത്തിയൊന്ന് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഫാർമസി കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിന് നാല് അദ്ധ്യാപകരുടെയും അമ്പത്തിയൊന്ന്

സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകളും ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അസോസിയേറ്റ് പ്രൊഫസറുടേതുൾപ്പെടെ ആറ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഡി.എം. (കാർഡിയോളജി) ഉൾപ്പെടെ പതിമൂന്ന് പുതിയ പി.ജി. സീറ്റുകളും ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളിൽ ഏഴ് സീറ്റുകളും ലഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ 45 കിടക്കകളുള്ള മൾട്ടി ഡിസിപ്ലിനറി ഐ.സി.യു., 8 കിടക്കകളുള്ള ഹൈ ഡിപ്പൻഡൻസി ഐ.സി.യു. എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും സി.റ്റി.-എം.ആർ.ഐ. സ്കാൻ മെഷീൻ, കൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി വിഭാഗത്തിൽ സിമുലേറ്റർ തുടങ്ങിയ ആധുനികോപകരണങ്ങളും കാർഡിയോളജി വിഭാഗത്തിൽ ഇലക്ട്രോ ഫിസിയോളജി യൂണിറ്റും ടി.എം.ടി. മെഷീനും രണ്ട് എക്കോ മെഷീനുകളും സ്ഥാപിച്ചിട്ടുണ്ട്. ഒ.പി.-യുടെ നവീകരണം, സൂപ്പർ സ്പെഷ്യാലിറ്റി, ട്രോമാ കെയർ ലെവൽ 2 യൂണിറ്റ് എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുകയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(2) <u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനർഹർക്ക് ലഭിക്കുന്നത്

സംബന്ധിച്ച് അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നൽകിവരുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് ഓൺലൈൻ സംവിധാനത്തിലൂടെയാണ് അപേക്ഷിക്കുന്നത്. അതാത് സ്ഥാപനങ്ങളിൽ പഠിക്കാത്ത വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് കൃത്രിമമായി അപേക്ഷ നൽകിയതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്ഥാപന മേധാവികൾ നടത്തിയ അന്വേഷണത്തിൽ കൂടുതൽ സ്ഥാപനങ്ങളിൽ ക്രമക്കേട് നടന്നതായി കണ്ടെത്തുകയും ഇതിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അന്വേഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. കൃത്രിമം കണ്ടെത്തിയ സ്ഥാപനങ്ങളിൽ സ്കോളർഷിപ്പുകൾ വിതരണം ചെയ്യരുതെന്ന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) <u>കുടിവെള്ള ക്ഷാമം</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: കുന്ദമംഗലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഒളവണ്ണ പഞ്ചായത്തിൽ പാലത്തിനുകുറുകെ പ്രധാന ജലവിതരണ കുഴൽ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി. അനുമതി

നിഷേധിച്ചതിനാൽ തോടിന് കുറുകെ എം.എസ്.പൈപ്പ് സ്ഥാപിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകുന്നതും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതുമാണ്. താൽക്കാലികമായി പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ കുടിവെള്ളം നൽകുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതും പഞ്ചായത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകൾ കുഴിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

(4) എലിവേറ്റഡ് ഹൈവേ

ശ്രീ. ജെയിംസ് മാത്യു: തളിപ്പറമ്പ് ദേശീയപാത ബൈപ്പാസിൽ എലിവേറ്റഡ് ഹൈവേ നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ദേശീയ പാത 17 നാലുവരി പാതയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി തളിപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിനുള്ള 5.66 കി.മീ. ദൈർഘ്യമുള്ള അലൈൻമെന്റ് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് മൂന്ന് സ്ഥലങ്ങളിലൊഴികെ എംബാങ്ക്മെന്റ് ഘടനയിലാണ് നിർമ്മാണം നടത്തുന്നത്. ബൈപ്പാസ് നിർമ്മാണത്തിന് ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഓട, തോട് എന്നിവ ഒഴുക്കിന് തടസ്സം വരാത്ത രീതിയിൽ മാറ്റിസ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(5) പട്ടാമ്പി പാലം പുനരുദ്ധാരണം

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: പട്ടാമ്പി പാലത്തിന്റെ പുനർനിർമ്മാണവും കുറ്റിപ്പുറം മുതൽ ഷൊർണ്ണൂർവരെയുള്ള റോഡിന്റെ സ്ഥലമേറ്റെടുപ്പും അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പട്ടാമ്പി പാലത്തിന്റെ പരിശോധനയിൽ പുനർനിർമ്മാണം ആവശ്യമില്ലെന്ന് കണ്ടെത്തിയതിനാൽ കേടുപാടുകൾ സംഭവിച്ച കൈവരികൾ, സ്ലാബ് എന്നിവ മാറ്റി സ്ഥാപിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും 95.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാനും തീരുമാനിച്ചിട്ടുണ്ട്. 2016-17-ൽ കിഫ്ബി യിൽ ഉൾപ്പെടുത്തി കുറ്റിപ്പുറം-തൃത്താല-പട്ടാമ്പി-ഷൊർണ്ണൂർ റോഡിന്റെ നവീകരണവും നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മാണവും നടത്തുന്നതിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടാമ്പി മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗം കൃഷി ഭൂമിയിൽക്കൂടിയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വീതികുറഞ്ഞ റോഡുകളിലൂടെയും കടന്നുപോകുന്നതിനാൽ പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പിന് കാലതാമസമുണ്ടാകും. കുറ്റിപ്പുറം തങ്ങൾപടി മുതൽ പട്ടാമ്പി വരെയുള്ള 22 കി.മീ. റോഡിനുള്ള സ്ഥലം ലഭ്യമായതിനാൽ ഒന്നാംഘട്ടമായി കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടി

നടന്നുവരികയാണ്. ഒന്നാംഘട്ട പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പുരോഗമിച്ചുവരികയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ സമാന്തര പാലം കൂടി ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ടും രണ്ടാംഘട്ടമായ പട്ടാമ്പി പാലം മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകകൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(6) ഭൂമി പതിച്ചുകൊടുക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. ജോയി: വർക്കല താലൂക്കിൽ അയിരൂർ വില്ലേജിൽ സ്വകാര്യ വ്യക്തി കയ്യേറിയ പുറമ്പോക്ക് ഭൂമി സർക്കാർ ഏറ്റെടുത്തത് റദ്ദുചെയ്ത നടപടി അന്വേഷിക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വർക്കല താലൂക്കിൽ അയിരൂർ വില്ലേജിൽ ബ്ലോക്ക് 3-ൽ റീസർവ്വേ 227-ൽ-പ്പെട്ട 27 സെന്റ് ഭൂമി ശ്രീമതി ലിജി D/o ജയദേവൻ, പുന്നവിള അനധികൃതമായി കൈവശപ്പെടുത്തിയത് കേരള ഭൂസംരക്ഷണ നിയമപ്രകാരം വർക്കല തഹസീൽദാർ കയ്യേറ്റമൊഴിപ്പിച്ച് ഏറ്റെടുക്കുകയും സർക്കാർ ബോർഡ് സ്ഥാപിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ ശ്രീമതി ലിജി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ

ചെയ്യുകയും ചെയ്തു. അപ്പീൽ കക്ഷിയെ കേട്ട് തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്കളക്ടർ അപ്പീൽ അപേക്ഷ തീർപ്പാക്കുകയും തഹസീൽദാരുടെ ഉത്തരവ് റദ്ദാക്കുകയും താലൂക്ക് സർവ്വേയറുടെ സഹായത്തോടെ ഭൂമി അളന്നതിരിച്ച് നൽകുന്നതിന് ഉത്തരവാകുകയും ചെയ്തു. റവന്യൂ അധികാരികൾ സർക്കാർ ഭൂമിയാണെന്ന് കണ്ടെത്തി അപ്പീൽ വാദികളെമാത്രം കേട്ടതിനുശേഷം സ്ഥലം ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തത് സംബന്ധിച്ച് ഫയൽ പരിശോധിച്ച് ഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചുവരികയുമാണ്.

## (7) കുമ്മൻതോട് പാലം പുനരുദ്ധാരണം

ശ്രീ. അബ്ദുൽ ഹമീദ് പി.: മുന്നിയൂർ-പെരുവള്ളൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുമ്മൻതോട് പാലം വീതികൂട്ടി പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിലെ മുന്നിയൂർ-പെരുവള്ളൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന 23 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള കുമ്മൻതോട് പാലത്തിന്റെ

പുനർനിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(8) ശമ്പള പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: സർക്കാർ ആയുർവേദ-ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെയും വെറ്ററിനറി സർജന്മാരുടെയും റദ്ദാക്കിയ ശമ്പള പരിഷ്കരണാനുകൂല്യം പുനഃസ്ഥാപിച്ചുനൽകാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരം അഞ്ച് വർഷം കൂടുമ്പോൾ സർക്കാർ ജീവനക്കാർക്ക് അവരവരുടെ ജോലിയുടെ സ്വഭാവം, പ്രാധാന്യം, യോഗ്യത മുതലായവ കണക്കാക്കിയാണ് ശമ്പളം പരിഷ്കരിച്ചു നൽകുന്നത്. ശമ്പളം പരിഷ്കരിക്കുമ്പോൾ ശമ്പളം കുറയുകയോ സമാന തസ്തികയ്ക്ക് കണക്കാക്കിയതിനേക്കാൾ കുറവ് വരികയോ ചെയ്യുന്നതിനെയാണ് അപാകതയായി കണക്കാക്കുന്നത്. അതിനാൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം എന്നത് പുതിയ ആനുകൂല്യമായി മാത്രമെ കാണാൻ കഴിയൂ. അത് ശമ്പള പരിഷ്കരണം വഴി നിർബന്ധമായി നൽകേണ്ട ഒരാനുകൂല്യമല്ല. ശമ്പള പരിഷ്കരണ ഉത്തരവിനുശേഷം അതിലുൾക്കൊള്ളാത്തതും വളരെയധികം സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതുമായ ആനുകൂല്യം അനുവദിച്ചുനൽകുമ്പോൾ ഇതര വിഭാഗത്തിൽപ്പെട്ട

ഉദ്യോഗസ്ഥരിൽനിന്ന് സമാനമായ ആവശ്യം ഉയർന്നുവരാനിടയാകുകയും സാമ്പത്തിക ബാദ്ധ്യത അധികരിക്കുകയും ചെയ്യുമെന്നതിനാലാണ് 3/8/17-ലെ ഉത്തരവ് പിൻവലിച്ചത്. ഇത് അടുത്ത ശമ്പള പരിഷ്കരണ കമ്മീഷൻ പരിഗണിക്കുന്നതായിരിക്കും ഉചിതമെന്നാണ് സർക്കാർ കരുതുന്നത്.

## (9) ടൂറിസം വികസനം

ശ്രീ. ബി. ഡി. ദേവസ്സി: മലക്കപ്പാറ ടൂറിസം വികസനത്തിനും ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘത്തിന്റെ ഭരണസമിതിയുടെ ഘടന പുന:ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് ലഭ്യമാക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വ ടൂറിസം പദ്ധതി ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശീയ ഗ്രാമീണ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘവുമായി സഹകരിച്ച് മലക്കപ്പാറയിൽ വനവിഭവങ്ങളുടെയും കരകൗശല വസ്തുക്കളുടെയും വാദ്യോപകരണങ്ങളുടെയും

വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും സംഘത്തിന്റെ കൈവശമുള്ള സ്ഥലം പ്രയോജനപ്പെടുത്തി നാടിനനുയോജ്യമായ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ഭരണസമിതിയുടെ ഘടന പുന:ക്രമീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്.

(10) മരങ്ങൾ മുറിക്കാനുള്ള അനുമതി

ശ്രീ. പി. സി. ജോർജ്: കർഷകർ നട്ടുവളർത്തുന്ന പ്ലാവ്, ആഞ്ഞിലി മുതലായ മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): നിലവിൽ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്ന നടപടിയാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ ചന്ദനമരം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 1986-ലെ വൃക്ഷ പരിപാലന നിയമത്തിലെ അഞ്ചാം വകുപ്പുപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ചില മേഖലകളിലെ ഏലപ്പട്ടയ/ഏലപ്പാട്ട ഭൂമികളിലെ മരങ്ങൾ മുറിക്കുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്. ഉടമസ്ഥാവകാശ ഭൂമിയിലെ ചന്ദനമരം കേരള വന ഭേദഗതി

നിയമമനുസരിച്ച് പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരം ഉണങ്ങിയതോ കാറ്റത്ത് വീണതോ ജീവനും സ്വത്തിനും ഭീഷണിയാകുന്നതോ ആണെങ്കിൽ ആതറൈസ്ഡ് ഓഫീസറുടെ അനുമതിയോടെ വനം വകുപ്പ് ശേഖരിച്ച് അംഗീകൃത ചന്ദന ഡിപ്പോയിൽ വിറ്റതിനുശേഷം ശേഖരണത്തിനും വിൽപ്പനയ്ക്കും ചെലവാകുന്ന തുക കഴിച്ച് ബാക്കി തുക ഉടമസ്ഥന് നൽകുന്നതാണ്. ഗിരിവർഗ്ഗ വിഭാഗങ്ങൾക്ക് കൈവശ രേഖയുള്ള ഭൂമിയിൽനിന്ന് പ്ലാവ്, ആഞ്ഞിലി എന്നീ മരങ്ങൾ സർക്കാർ ഉത്തരവിനുവിധേയമായി മുറിക്കാവുന്നതാണ്. സി.എച്ച്.ആർ. മേഖലയിലെ പട്ടയം വിതരണത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരു തടസ്സവും ഉണ്ടാകുകയില്ല.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ചട്ടം 236(6) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം</u>

സർക്കാർ സർവ്വീസിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം

വർദ്ധിപ്പിക്കുന്നതിനായുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രസ്താവന നടത്തി.

## VII **വിശദീകരണം**

ഇഫ്ടാസ് സംബന്ധിച്ച്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഇന്നലെ സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുന്ന അവസരത്തിൽ ബഹു. പ്രതിപക്ഷ നേതാവടക്കമുള്ള അംഗങ്ങൾ ഇഫ്ടാസ് കമ്പനിയുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങൾ ഉന്നയിച്ചെങ്കിലും അതുസംബന്ധിച്ച് കൃത്യമായ മറുപടി നൽകാൻ സാധിച്ചില്ല. 30-11-2016-ന് ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിലാണ് സംസ്ഥാനത്തെ ആധുനിക കാർഷിക വായ്പാ സംഘങ്ങൾ ഒരു പൊതു സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുന്നത് ഗുണകരമാകുമെന്ന് തീരുമാനിച്ചത്. ഇഫ്ടാസ് കമ്പനി പ്രതിനിധികൾ സർക്കാരിനെ സമീപിച്ച് പ്രസ്തുത ദൗത്യം നിർവ്വഹിക്കുന്നതിന് സന്നദ്ധരാണെന്നും ഇതുസംബന്ധിച്ച് അവതരണത്തിന് അവസരം നൽകണമെന്നും അഭ്യർത്ഥിച്ചു. സർക്കാർ ഈ കമ്പനിയെ സംബന്ധിച്ചുള്ള എല്ലാ പ്രാഥമിക വിവരങ്ങളും ശേഖരിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ പിന്തുണയുള്ള അൻപതിലധികം പൊതുമേഖലാ സഹകരണ സ്വകാര്യ ബാങ്കുകൾക്ക് കോർ ബാങ്കിംഗും അനുബന്ധ

സേവനങ്ങളും നൽകിവരുന്ന സ്ഥാപനമാണ് ഇഫ്ടാസ്. 2017-ൽ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതറിഞ്ഞ് ഇഫ്ടാസ് കമ്പനി പ്രൊപ്പോസലുമായി ഗവൺമെന്റിനെ സമീപിക്കുകയും അവരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇഫ്ടാസ് സർക്കാരിനെ നേരിട്ട് സമീപിച്ചതിനാലും ഇതൊരു നോൺ പ്രോഫിറ്റ് കമ്പനിയായതിനാലും മത്സരാധിഷ്ഠിത ടെണ്ടറുകളിൽ പങ്കെടുക്കാറില്ലെന്നുള്ളതുകൊണ്ടുമാണ് ടെണ്ടർ നടപടികളോ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റോ ക്ഷണിക്കാതിരുന്നത്. ഇഫ്ടാസുമായി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചുകൊണ്ടു മാത്രമേ തുടർ നടപടി സ്വീകരിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് കമ്പനിയുമായി യാതൊരുവിധ കരാറുകളും ഉണ്ടാക്കിയിട്ടില്ല.

## VIII ധനകാര്യം

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII – എക്സൈസ് (300,82,75,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV– തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും (1293,76,46,000 രൂപ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV – പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം (3234,21,71,000 രൂപ)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. ആർ. രാജേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എക്സൈസ്, തൊഴിൽ, പട്ടികജാതി/പട്ടികവർഗ്ഗ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നീ മേഖലകളെ സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമാവശ്യമായ നടപടികൾ സ്വീകരിക്കാൻ

സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി പട്ടികവർഗ്ഗ വിഭാഗക്കാരെ സർക്കാർ സർവ്വീസിൽ കൊണ്ടുവരുന്നതിനും 22 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാനുമുള്ള തീരുമാനമെടുത്തതും അഭിനന്ദനാർഹമാണ്. നഴ്സുമാരുടെ മിനിമം വേതനം 20,000 രൂപയായി ഉയർത്തുന്നതിനും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും കഴിയണം. തൊഴിൽ വകുപ്പ് 34.84 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷയും 12 ലക്ഷത്തിലധികം ആളുകൾക്ക് സൗജന്യ ചികിത്സയും നൽകിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി മാതൃകാപരമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. മെയ് മാസം മുതൽ നോക്കുകൂലിയില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. പട്ടികജാതി മേഖലയിൽ 5000 പഠനമുറികൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായമായി 35.74 കോടി രൂപ അനുവദിക്കുകയും 211 അംബേദ്കർ ഗ്രാമങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് 25 ശതമാനം വർദ്ധിപ്പിക്കുകയും സ്പെഷ്യൽ ജോബ് ഫെയർ സംഘടിപ്പിക്കുകയും മിശ്രവിവാഹത്തിനുള്ള ധനസഹായം 70,000 രൂപയായി ഉയർത്തുകയും ആദിവാസി കുട്ടികൾക്ക് ട്യൂഷൻ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മതന്യൂനപക്ഷങ്ങൾ, ദളിതർ, പട്ടിക ജാതിക്കാർ എന്നിവരെ സംരക്ഷിക്കുന്ന ഒരു ഗവൺമെന്റാണിത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അട്ടപ്പാടിയിലെ ആദിവാസി യുവാവ് മധുവിന്റെ മരണത്തിന് ഉത്തരവാദികളായ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. ആദിവാസികൾക്കായി സ്ഥാപിച്ച കമ്മ്യൂണിറ്റി കിച്ചൻ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനായി ചെലവഴിക്കുന്ന തുക അവരുടെ ക്ഷേമത്തിനായി വിനിയോഗിക്കപ്പെടുന്നുണ്ടോയെന്നുള്ളത് പരിശോധിക്കപ്പെടണം. മദ്യശാലകളുടെ ദൂരപരിധി പുന:പരിശോധിക്കണം. നിയമസഭയിൽ മെമ്പർമാർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആദിവാസി യുവാവ് മധുവിനെ കൊലപ്പെടുത്തിയവർക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 650-ഓളം പേർക്ക് ഗൾഫിൽ തൊഴിൽ ലഭ്യമാക്കുന്നതിനും ആയുർവേദം, ഫിസിയോതെറാപ്പി, പഞ്ചകർമ്മ, ഫാർമസി, നഴ്സിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വീടില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിന് നടപടി സ്വീകരിച്ചു. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കോടിക്കണക്കിന് രൂപയുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുകയും ലഹരി വില്പന തടയുന്നതിന് ശക്തമായ നടപടി

സ്വീകരിക്കുകയും മദ്യത്തിനെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കർഷകത്തൊഴിലാളി മേഖലയെ സംരക്ഷിക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവർക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും ചുമട്ടുതൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. കശുവണ്ടി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനും ക്ഷേമ പ്രവർത്തനങ്ങൾക്ക് ശരിയായ ദിശ നൽകാനും മുൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇതിനായി കുറഞ്ഞ വിഹിതമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ പദ്ധതികളുടെ പേരുകൾ മാറ്റുന്നതല്ലാതെ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിനോ പുതുതായി പദ്ധതികൾ ആരംഭിക്കുന്നതിനോ സർക്കാർ തയ്യാറാകുന്നില്ല. വിധവകൾക്കും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള

ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള വീടുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. കേന്ദ്ര സഹായം ലഭ്യമാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. മേൽത്തട്ട് പരിധി ഉയർത്തുന്ന വിഷയത്തിൽ നിഷേധാത്മക സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കെ.എ.എസ്. രൂപീകരണത്തിലടക്കം ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണം അട്ടിമറിക്കാനുള്ള സർക്കാർ ശ്രമം അപലപനീയമാണ്. മദ്യനയത്തിലുള്ള സർക്കാർ നിലപാട് അപഹാസ്യമാണ്.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മികച്ച പരിരക്ഷ ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പട്ടികവർഗ്ഗക്കാരെ സർക്കാർ സർവ്വീസിൽ നിയമിക്കുന്നതിനും ദളിതരെ ശാന്തിമാരായി നിയമിക്കുന്നതിനുമെടുത്ത തീരുമാനങ്ങൾ സ്തുത്യർഹമാണ്. പട്ടികവർഗ്ഗ മേഖലകളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും വിദ്യാഭ്യാസാനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കാനുമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് ശക്തമായ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിക്കുന്നത്. പി.എസ്.സി.വഴി പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിനുമുള്ള നടപടി പ്രശംസനീയമാണ്. തോട്ടം മേഖലയിൽ

പണിയെടുക്കുന്നവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും മിനിമം വേതനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമം മുൻനിർത്തി സംഘടിപ്പിച്ച ലോകകേരള സഭ ശ്രദ്ധേയമായ ചുവടുവയ്പ്പാണ്.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉന്നതവിദ്യാഭ്യാസമുള്ള തൊഴിൽ രഹിതരായ യുവാക്കൾക്ക് സംസ്ഥാനത്തുതന്നെ തൊഴിൽ ഉറപ്പുവരുത്തണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്ഥിര വരുമാനം ഉറപ്പാക്കുകയും കേന്ദ്ര-സംസ്ഥാന സർവ്വീസുകളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വേണം.

ശ്രീ. റോഷി അഗസ്റ്റിൻ: സംസ്ഥാനത്ത് മദ്യഷാപ്പുകളുടെ ദൂരപരിധി സംബന്ധിച്ച് പുനഃപരിശോധിക്കണം. 'വിമുക്തി ലഹരി വർജ്ജന പദ്ധതി' ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകണം. എക്സൈസ് ഡിപ്പാർട്ടുമെന്റിനെ ശാക്തീകരിക്കണം. തോട്ടം മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കണം. ലഹരി വിൽപ്പനയുമായി ബന്ധപ്പെട്ടുള്ള ശിക്ഷാ നടപടികൾ കർശനമാക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരണം. രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യത്തിലും പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റി റിപ്പോർട്ടിന്റെ കാര്യത്തിലും വ്യക്തത വരുത്തണം.

ടൂറിസം രംഗത്ത് തോട്ടം മേഖലയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ ഇടപെടലുകൾ നടത്താൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മദ്യനിരോധനത്തിന് പകരം മദ്യവർജ്ജനത്തിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വിദ്യാർത്ഥികളെയും കുടുംബശ്രീ പ്രവർത്തകരെയും ഗ്രന്ഥശാല പ്രവർത്തകരെയും ഉൾപ്പെടുത്തി ബോധവൽക്കരണത്തിലൂടെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ ചെയ്യുന്നത്. മയക്കുമരുന്ന് ലോബികളുടെ പ്രവർത്തനത്തെ ശക്തമായി നേരിടണം. ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനും പ്രവാസികളുടെ പുനരധിവാസത്തിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ ക്ഷേമവുമായി ബന്ധപ്പെട്ട് പിന്നോക്ക വിഭാഗ കമ്മീഷൻ ജാഗ്രതയോടുകൂടി പ്രവർത്തിക്കുകയും കലയും സംസ്കാരവും ജീവിതരീതിയും പരിചയപ്പെടുത്തുന്നതിനുവേണ്ടി ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ മഹാസംഗമം നടത്തുന്നതിന് മുൻകയ്യെടുക്കുകയും ചെയ്യണം.

ശ്രീ. പി. സി. ജോർജ്: സംസ്ഥാനത്ത് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വ്യാപകമായിരിക്കുകയാണ്. സർക്കാർ ധനസഹായവും പദ്ധതികളുടെ പ്രയോജനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കാതിരിക്കുന്നത് സംബന്ധിച്ച് അന്വേഷിക്കണം. പ്രവാസികളുടെ പുനരധിവാസത്തിന് നടപടി സ്വീകരിക്കുകയും നിയമസഭയിൽ ഇക്കാര്യം ചർച്ച ചെയ്യുകയും വേണം.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാർ പുതിയ മദ്യനയം പ്രഖ്യാപിക്കുകയോ ബാറുകൾ അനുവദിക്കുകയോ ചെയ്തിട്ടില്ല. വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വ്യാപകമായിരിക്കുകയാണ്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തണം. ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി രൂപീകരിച്ച വിമുക്തി പദ്ധതി പ്രശംസനീയമാണ്. ഓർഫനേജുകളുടെ നിയമതടസ്സങ്ങൾ നീക്കി പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഗോത്രസാരഥി, ജനനീ ജന്മരക്ഷ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും എ.ടി.എസ്. പദ്ധതി

പ്രകാരം അനുവദിച്ച വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനും പഠന മുറികൾ പ്രവർത്തനമാരംഭിക്കുന്നതിനും ഗോത്രബന്ധു മെന്റർ ടീച്ചർമാർക്ക് ആവശ്യമായ പരിശീലനവും സംരക്ഷണവും നൽകുന്നതിനും നടപടി സ്വീകരിക്കണം. പി.കെ. കാളന്റെ പേരിൽ കുടുംബക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിനും ആദിവാസി നയം പ്രഖ്യാപിക്കുന്നതിനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് കാര്യക്ഷമമാക്കി ഒരു പട്ടികവർഗ്ഗ കുടുംബത്തിൽ ഒരാൾക്കെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ആദിവാസികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സർക്കാർ ഇടപെടണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗോത്രവർഗ്ഗത്തിൽപ്പെട്ട ടി.ടി.സി./ബി.എഡ്. പാസ്സായ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും തൊഴിൽ നൽകാൻ സർക്കാരിന് സാധിച്ചു. ഗോത്രവർഗ്ഗത്തിൽപ്പെട്ട നവജാത പെൺകുഞ്ഞുങ്ങൾക്ക് പതിനാറ് വയസ്സ് പൂർത്തിയാകുമ്പോൾ മൂന്നു ലക്ഷം രൂപ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതിനു പുറമേ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറിയും പട്ടികവർഗ്ഗ കോളനികളിൽ കമ്മ്യൂണിറ്റി സ്റ്റഡി റൂമും നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുമുണ്ട്. പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള പദ്ധതി

ആവിഷ്കരിക്കുന്നതിനും വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിന് ഇടപെടൽ നടത്തുന്നതിനും ഗോത്രരശ്മി പദ്ധതി വഴി ലഹരി രഹിത ഗോത്രങ്ങൾ രൂപീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ചതും ആദിവാസികൾക്കുള്ള സമഗ്ര സാക്ഷരതാ പദ്ധതിയുടെ ഭാഗമായി വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചതും കായികശേഷിയിൽ ഇളവുനൽകി സിവിൽ പോലീസ് ഓഫീസർമാരായി നിയമിക്കുന്നതിനുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചതും അഭിനന്ദനാർഹമാണ്. സംസ്കാരം, കല എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഗദ്ദിക പരിപാടി വിജയകരമായി നടന്നുവരുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ഇൻഷ്വറൻസ്, ചങ്ങാതി, അപ്നാ ഘർ, ആവാസ് എന്നീ പദ്ധതികളും സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന വിമുക്തി പദ്ധതിയും വിജയകരമാണ്. എക്സൈസ് വകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും സംയുക്തപ്രവർത്തനത്തിന്റെ ഫലമായി 'വിമുക്തി' പദ്ധതി സംസ്ഥാനത്ത് എല്ലാ മേഖലകളിലും വ്യാപിപ്പിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്രീമിലെയർ പരിധി ഉയർത്തുന്നതിനും അൺ-എയ്ഡഡ് മേഖലയിലെ സ്കൂളുകൾ അടച്ചുപൂട്ടുന്ന കാര്യം പുന:പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രണ്ടും മൂന്നും സ്ട്രീമുകളിലേയ്ക്ക് നടത്തുന്ന നിയമനങ്ങളിൽ പിന്നോക്ക-പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം ഉറപ്പുവരുത്തുന്നതിനും മദ്രസ്സ അദ്ധ്യാപക ഭവന പദ്ധതി കാര്യക്ഷമമാക്കുന്നതിനും ബാലഭവനുകൾ അടച്ചുപൂട്ടുന്ന തീരുമാനം പുന:പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം. ലഹരിമരുന്ന് മാഫിയകളിൽനിന്ന് സംസ്ഥാനത്തെ രക്ഷിക്കുന്നതിനും മദ്യത്തിനെതിരെ സമഗ്ര ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിനും സാധിക്കണം.

ശ്രീ. സി. കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യകരമായ മദ്യനയമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തൊഴിൽ മേഖലയിൽ ആശ്വാസ നടപടികൾ കൊണ്ടുവരുന്നതിനും തോട്ടം മേഖലയിൽ പ്ലാന്റേഷൻ പോളിസി നടപ്പിലാക്കുന്നതിനും തൊഴിലാളികളുടെ കൂലി 630 രൂപയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇറക്കുമതി നയത്തിന്റെ ഭാഗമായി കുരുമുളകിന്റെ നികുതിയിൽ ഉണ്ടായിരിക്കുന്ന കുറവ് മാർക്കറ്റ് ഇടപെടലിലൂടെ

പരിഹരിക്കുന്നതിനും തേയില തോട്ടങ്ങളിൽ യന്ത്രവൽകൃത ഹാർവെസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും തോട്ടം തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിലും ഭൂരഹിതരെ ലൈഫ് പദ്ധതിയിലും ഉൾപ്പെടുത്തുന്നതിനും നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് പരിസ്ഥിതിക്ക് ആഘാതമുണ്ടാകാത്ത പ്രദേശങ്ങളിൽ പാറഖനനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി ഗ്രാറ്റുവിറ്റി അദാലത്ത് നടപ്പാക്കിയത് സർക്കാരിന്റെ നേട്ടമാണ്. കർഷകക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വയനാട്ടിൽ ആദിവാസി അദ്ധ്യാപകരെ നിയമിച്ചതുവഴി ആദിവാസി മേഖലയിലെ സാമൂഹിക അന്തരീക്ഷം മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇവരുടെ ജോലി സ്ഥിരത, വേതനം മുതലായ കാര്യങ്ങളിലും മറ്റ് അദ്ധ്യാപകരോടൊപ്പം ഇവരെ പരിഗണിക്കുന്ന കാര്യത്തിലും സർക്കാർ ശ്രദ്ധ ചെലുത്തണം. കെട്ടിട നിർമ്മാണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആദിവാസി വിഭാഗങ്ങൾക്ക് പരിശീലനം കൊടുക്കാനും അവരുടെ തൊഴിലില്ലായ്മ പരിഹരിക്കാനുമായി 'ഗോത്ര ജീവിക' പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യ പഠനമുറി, പട്ടികജാതി വിഭാഗക്കാർക്ക് ശാന്തിക്കാരായി നിയമനം, പോലീസ്/എക്സൈസ് വകുപ്പുകളിൽ സ്പെഷ്യൽ

റിക്രൂട്ട്മെന്റ് ഇവയെല്ലാം ആദിവാസികളോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വെളിപ്പെടുത്തുന്നതാണ്. ആദിവാസി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ആവശ്യമായ നടപടിയുണ്ടാകണം. പട്ടികവർഗ്ഗ മേഖലയ്ക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കണം. ആദിവാസി ഭൂസംരക്ഷണ നിയമമനുസരിച്ച്, 15 ഏക്കറിലധികം ഭൂമി കൈവശപ്പെടുത്തിയവരിൽനിന്നും ഭൂമി പിടിച്ചെടുക്കുകയും 5 ഏക്കർ വരെ നഷ്ടപ്പെട്ട ആദിവാസികൾക്ക് തത്തുല്യമായ ഭൂമി നൽകാനുമുള്ള നിലപാടെടുക്കണം. വനാവകാശ സംരക്ഷണ നിയമമനുസരിച്ച് ഭൂമി നൽകിയവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ന്യൂനപക്ഷ-ദളിത് വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അക്രമങ്ങളും ദളിത് വിരുദ്ധ നിലപാടുകളും അവഗണനയും അവസാനിപ്പിക്കണം. മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേവസ്വം ബോർഡുകളിലും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനങ്ങളിലും സംവരണതത്വം പാലിക്കണം. സാമ്പത്തിക സംവരണം സംബന്ധിച്ച് സർക്കാർ ഗൗരവമായി പരിശോധിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക/ന്യൂനപക്ഷ

വിഭാഗങ്ങൾക്കായി മാറ്റിവയ്ക്കുന്ന പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും അവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് അംഗങ്ങളുന്നയിച്ച നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊള്ളുകയും ഭാവി പ്രവർത്തനങ്ങളിൽ അവ ഉപയോഗപ്പെടുത്തുന്നതുമാണ്. തൊഴിൽ വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദിശാബോധത്തോടെയുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തൊഴിലാളി/തൊഴിലുടമ സൗഹൃദത്തിലൂന്നി സംസ്ഥാനത്ത് സ്ഥായിയായ തൊഴിൽ നയം പ്രാവർത്തികമാക്കുന്നതിന് ഊന്നൽ നൽകും. കേരളത്തെ തൊഴിൽ സൗഹൃദ സംസ്ഥാനമാക്കുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കും. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പുതിയ തൊഴിൽ മേഖലകളിൽക്കൂടി മിനിമം വേതനം വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതുമാണ്. തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്കുള്ള പിഴ 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൻഷൻ തുക 1100 രൂപയായി വർദ്ധിപ്പിക്കുകയും 2017 നവംബർ മാസം വരെയുള്ള ക്ഷേമനിധി

പെൻഷനുകൾ കുടിശ്ശികയടക്കം വിതരണം ചെയ്യുകയും ചെയ്തു. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനും പെൻഷനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റുകളും എക്സ്ഗ്രേഷ്യാ ധനസഹായവും പത്ത് കിലോഗ്രാം അരിയും വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിച്ചു. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് ഇരുപത് കോടി രൂപയുടെ ധനസഹായം അനുവദിക്കുകയും ബീഡിത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട് ലഭ്യമാക്കുന്നതിനുള്ള നടപടി തോട്ടം ഉടമകളുടെ സഹായത്തോടെ നടപ്പിലാക്കും. നവജീവൻ സ്വയം തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പുതുതലമുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കും. 1150 ഗുണഭോക്താക്കൾക്ക് 2000 രൂപ വീതം 23 ലക്ഷം രൂപ അസംഘടിത മേഖലയിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്ക് ആശ്വാസ് പദ്ധതി പ്രകാരം നൽകുകയും 34.84 ലക്ഷം കുടുംബങ്ങളെ ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷയ്ക്കായി ആവാസ് പദ്ധതി ആരംഭിക്കുകയും അവരുടെ

രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും ചുരുങ്ങിയ വാടകയ്ക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി പാർപ്പിട പദ്ധതി വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. ഒഡെപെക് പ്രവർത്തനം വിപുലപ്പെടുത്തുകയും 'കില' പുനഃസംഘടിപ്പിക്കുകയും ചെയ്യതോടൊപ്പം നഗരങ്ങളിലെത്തുന്ന വനിതാ തൊഴിലാളികൾക്കായി സ്റ്റുഡിയോ അപ്പാർട്ട്മെന്റ് സ്ഥാപിക്കാനും മികച്ച തൊഴിലാളികൾക്ക് തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ ലേബർ ഡാറ്റാബാങ്ക് രൂപീകരിക്കുന്നതിനും ഐ.ടി.ഐ.-കൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

കേരളത്തിൽ മദ്യശാലകളുടെ ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടില്ല. ഫോർ സ്റ്റാറിന് മുകളിലുള്ള ബാർ ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിച്ചു. കടുത്ത ശിക്ഷ ലഭിക്കത്തക്ക രീതിയിൽ എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയ നടപടി ഗവൺമെന്റിന്റെ ഭരണനേട്ടങ്ങളിലൊന്നാണ്. പ്രവാസ ലോകത്ത് അനുദിനം വരുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പ്രവാസികളുടെ ക്ഷേമത്തിന് ക്രിയാത്മകമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ വികസനത്തിന് പ്രവാസികളുടെ

പരിചയ സമ്പത്തും വൈദഗ്ധ്യവും വിജ്ഞാനവും പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ലോക കേരള സഭ രൂപീകരിച്ചത്. പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി അവർക്ക് നാട്ടിൽ വ്യവസായ സംരംഭം തുടങ്ങുന്നതിന് 15 ശതമാനം മൂലധന സബ്സിഡിയോടെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മടങ്ങിയെത്തിയ പ്രവാസികൾക്കും ആശ്രിതർക്കുമായി 'സാന്ത്വന' ധനസഹായ പദ്ധതിപ്രകാരം ചികിത്സ, മരണം, വിവാഹം, അംഗവൈകല്യം സംഭവിച്ചവർക്ക് ചലനോപാധികൾ എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം 12.25 കോടി രൂപ അനുവദിക്കുകയും വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് 'കാരുണ്യ' ധനസഹായ പദ്ധതിയും നോർക്ക റൂട്ട്സിലൂടെ നടപ്പിലാക്കിവരുന്നു. വിദേശത്ത് തൊഴിൽ തേടി പോകുന്നവരുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് നോർക്ക റൂട്ട്സ് പ്രത്യേക പരിശീലനം നൽകുന്നതോടൊപ്പം ഇവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് നോർക്കയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികളുടെ കണക്കുകൾ ശേഖരിക്കുന്നതിനായി പ്രവാസി ഡാറ്റാബേസ് രൂപീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ലോക

കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി നോർക്ക റൂട്ട്സിനെ ശക്തിപ്പെടുത്താനും പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. വിദേശ മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രൊഫഷണലുകളെ നിയമിക്കാനും നോർക്ക വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രധാന ഏജൻസിയായ നോർക്ക റൂട്ട്സിന് ഉന്നത നിലവാരത്തിലുള്ള വെബ്സൈറ്റ് ഏർപ്പെടുത്താനും പ്രവാസികൾക്കുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ സ്ഥാപിക്കാനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുള്ള ധാരാളം പരിപാടികൾ ഗവൺമെന്റ് നടപ്പിലാക്കി. വകുപ്പിന്റെ ഭരണ പുരോഗതി വിലയിരുത്തുന്നതിൽ സമയബന്ധിതമായി നടത്തിയ റിവ്യൂ ശ്രദ്ധേയമായ നേട്ടങ്ങൾക്ക് കാരണമായിട്ടുണ്ട്. ഈ വർഷത്തെ പ്ലാൻ എക്സ്പെന്റീച്ചർ പൂർണ്ണമായും നിയുക്ത വിഭാഗത്തിനുതന്നെ ചെലവഴിക്കാൻ

സാധിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി ബഡ്ജറ്റിൽ പണം ഉൾക്കൊള്ളിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ അലംഭാവം കാണിക്കുകയാണ്. പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ 45 ശതമാനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായിട്ടാണ് കൊടുക്കുന്നത്. ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിഭാഗത്തിന്റെ പൊതുസ്ഥിതി എല്ലാ മേഖലയിലും പിന്നാക്കമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂപരിഷ്കരണ നിയമത്തിന്റെ ഗുണം മറ്റ് വിഭാഗങ്ങളെപ്പോലെ ലഭിച്ചിട്ടില്ല. രണ്ടുമൂന്ന് വർഷത്തിനുള്ളിൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ ഭൂമിയില്ലാത്തവരുടെയും വീടില്ലാത്തവരുടെയും പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണ്. ആദിവാസി വിഭാഗത്തിന്റെ ഭൂപ്രശ്നം പരിഹരിക്കാൻ ശ്രദ്ധേയമായ ഇടപെടലാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയത്. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന ഗവൺമെന്റ് ഇക്കാര്യത്തിൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ചില്ല. ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയും ഈ വർഷംതന്നെ പരിഹരിക്കുന്നതിനുള്ള ശക്തമായ നിലപാടെടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനാവകാശ നിയമത്തിന്റെ ഭാഗമായി ശേഷിക്കുന്ന കുടുംബങ്ങൾക്കും ഭൂമി നൽകാൻ

കഴിയുന്നതാണ്. അട്ടപ്പാടിയിൽ ഭൂമിയില്ലാത്ത കുടുംബങ്ങൾ നൂറിൽ താഴെ മാത്രമേയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക ജാതിക്കാരുടെ 6308-ഉം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ 5335-ഉം സ്പിൽ ഓവർ വീടുകളും ഐ.എ.വൈ. പദ്ധതിയിലൂടെ 23357 വീടുകളും പൂർത്തീകരിക്കുകയും ബാക്കിയുള്ളവ ലൈഫ് മിഷനിലേയ്ക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് കേരളത്തിലാണ്. എസ്.സി.പി.-ടി.എസ്.പി. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുകയും പദ്ധതികൾ ഇംപ്ലിമെന്റ് ചെയ്യുമ്പോഴുണ്ടാകുന്ന വീഴ്ചകൾ പരിശോധിച്ച് തിരുത്തുകയും ചെയ്യുന്നതാണ്. എസ്.സി./എസ്.ടി. മേഖലയിലെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, ഒ.ഇ.സി. വിദ്യാർത്ഥികളുടെ പഠനച്ചെലവ് വഹിക്കുന്നത് ഗവൺമെന്റാണ്. ആ മേഖലയിൽ ശക്തമായ ഇടപെടൽ നടത്തിയതിന്റെ ഭാഗമായി അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മതിയായ പഠന സൗകര്യങ്ങളില്ലാത്ത വീടുകളോടനുബന്ധിച്ച് 25,000 പഠനമുറികൾ നിർമ്മിക്കാനും ഗോത്രബന്ധു പദ്ധതി സംസ്ഥാനത്താകമാനം നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ക്ലാസ് റൂമുകൾ സജീവമാക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനും ഡ്രോപ് ഔട്ട് ഒഴിവാക്കാനും സാധിക്കും. ഗോത്രസാരഥി പദ്ധതി ഫലപ്രദമായി

മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലാണ് നടത്തുന്നത്. ബിരുദം, എഞ്ചിനീയറിംഗ്, നഴ്സിംഗ് കോഴ്സുകൾ പൂർത്തീകരിച്ചവർക്ക് തൊഴിൽ മേഖലയിൽ കടന്നുവരാനുള്ള എല്ലാ സഹായവും ചെയ്യുന്നതാണ്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നടത്തിയ ജോബ് ഫെയറിലൂടെ 600 പേർക്ക് വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ട്. എസ്.സി. വിഭാഗത്തിൽ ബി.എസ്.സി. നഴ്സിംഗ് പാസ്സായവർക്ക് ആശുപത്രികളിൽ അധിക തൊഴിൽ പരിശീലനത്തിന് അവസരം നൽകുന്ന പദ്ധതിയും നിർമ്മാണ മേഖലയിൽ പ്രത്യേക പരിശീലനം നൽകുന്ന ഗോത്രദീപിക പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 500 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സാമൂഹ്യ പഠനമുറികളിൽ ഇൻസ്ട്രക്ടർമാരായി തൊഴിൽ ലഭ്യമാക്കാനും 100 പേരെ പോലീസിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കാനും നൈപുണ്യ വികസനത്തിനുള്ള വിവിധ പരിശീലന പരിപാടികൾ മുഖേന തൊഴിൽ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽ പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്താനും ശിശുമരണ നിരക്ക് കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പുന:സംഘടിപ്പിക്കാനും വിദ്യാഭ്യാസാനുകൂല്യങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ വിതരണം ചെയ്യാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ എല്ലാ പദ്ധതികളെയും സംബന്ധിച്ച ആൻഡ്രോയിഡ്

മൊബൈൽ ആപ്ലിക്കേഷന് രൂപം കൊടുക്കുകയും വേടൻ, ചക്ലിയർ തുടങ്ങിയവരുടെ സങ്കേതങ്ങളിൽ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. പട്ടികജാതി സങ്കേതങ്ങളിൽ സാക്ഷരതാ പരിപാടിയും പത്താം ക്ലാസ് തുല്യതാ പഠനവും നടത്തുന്നതിന് തുടർവിദ്യാഭ്യാസ പരിപാടി ആരംഭിക്കുന്നതാണ്. ആന്ത്രോപ്പോളജി സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു മേഖലാ സ്ഥാപനവും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആധുനിക ട്രേഡുകൾ പഠിപ്പിക്കുന്ന ഐ.ടി.ഐ.-കളും സ്ഥാപിക്കുന്നതാണ്. പട്ടികവർഗ്ഗ ഗുണഭോക്താക്കൾ താമസിക്കുന്ന കൃഷിയിടങ്ങളിൽ വരുമാനദായകമായ കൃഷി രീതികളും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രവാസികൾക്കായി സ്വയം തൊഴിൽ വായ്പാ പദ്ധതിയും പ്രൊഫഷണലുകൾക്കായി സ്റ്റാർട്ട് അപ് പദ്ധതിയും ആരംഭിക്കുന്നതാണ്. ക്രീമിലെയറിന്റെ പരിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. അട്ടപ്പാടിയിൽ ആദിവാസി യുവാവ് മധുവിന്റെ മരണത്തിനുത്തരവാദികളായ മുഴുവൻ പ്രതികളെ അറസ്റ്റുചെയ്യുന്നതിനും കുടുംബത്തിന് ധനസഹായം നൽകുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് വീട് നിർമ്മിക്കുന്നതിന് വർദ്ധിപ്പിച്ച തുക അനുവദിക്കുന്നതാണ്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിൽ വരുന്ന

കാലതാമസംമൂലമാണ് പ്രസ്തുത വിഭാഗങ്ങൾക്കർഹതപ്പെട്ട തൊഴിലവസരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് സാധിക്കാത്തത്. ട്രൈബൽ മേഖലയിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഭരണഘടനാപരമായ സംവരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സംവരണ വിഭാഗങ്ങളുടെ നിയമനം ത്വരിതപ്പെടുത്തുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള സമിതിയുടെ യോഗം വിളിച്ചുചേർക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സംസ്ഥാനത്ത് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവയ്ക്കുന്ന ബഡ്ജറ്റ് വിഹിതവും എക്സ്പെൻഡിച്ചറും വർഷംതോറും വർദ്ധിച്ചുവരുന്നത് സർക്കാരിന് പ്രസ്തുത വിഭാഗങ്ങളോടുള്ള താല്പര്യമാണ് വ്യക്തമാക്കുന്നത്. വഖഫ് ബോർഡിലെ പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വഖഫ് സർവ്വേ കമ്മീഷണറുടെ പേരിൽ ഹെഡ് ഓഫ് അക്കൗണ്ടും പ്രാരംഭ ചെലവുകൾക്കായി 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വഖഫ് ബോർഡിന്റെ കാര്യക്ഷമത ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് പി.എസ്.സി.

മുഖേന നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. മുസ്ലീം സമുദായത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2018 ഏപ്രിൽ മാസം 9-ാം തീയതി കോഴിക്കോട് വച്ച് അദാലത്ത് സംഘടിപ്പിക്കുന്നതോടൊപ്പം കേസുകൾ തീർപ്പുകൽപ്പിക്കുന്നതിനായി മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി വഖഫ് ട്രിബ്യൂണൽ രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മദ്രസാ അദ്ധ്യാപക മോണിറ്ററിംഗ് കമ്മിറ്റിക്ക് പകരം മദ്രസാ അദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഹജ്ജ് കമ്മിറ്റിക്ക് 2018-19 സാമ്പത്തിക വർഷം 1.06 കോടി രൂപ ഗ്രാന്റ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കരിപ്പൂരിലെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് തിരികെ കൊണ്ടുവരുന്നതിനും പ്രൊഫ. ജോസഫ് എം. മുണ്ടശ്ശേരിയുടെ നാമധേയത്തിൽ സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇമ്പിച്ചിബാവ ഹൗസിംഗ് റിനൊവേഷൻ പ്രോജക്ട് പ്രകാരം വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ആയിരം പേർക്ക് 50,000 രൂപ വീതം നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. പതിനാല് പുതിയ മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ തുടങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും 35-നെതിരെ 72 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2018-ലെ കേരള ധനകാര്യ ബിൽ

(2) 2018-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനകാര്യ ബില്ലും 2018-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## X ക്രമപ്രശ്നം

ധനകാര്യ ബില്ലിന്റെ അവതരണം

ശ്രീ. കെ. എസ്. ശബരീനാഥൻ: രണ്ട് ദിവസത്തെ ധനാഭ്യർത്ഥന ചർച്ചകൾ ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് വിടുന്നത് ക്രമപ്രകാരമല്ല. പാർലമെന്റിലെ നടപടിക്രമങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങളിൽ ഇക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച തടസ്സവാദം മുമ്പ് ഉന്നയിച്ച അവസരത്തിൽ സ്പീക്കർ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ഒരു പ്രാവശ്യമൊഴികെ മറ്റെല്ലാ സന്ദർഭങ്ങളിലും ചർച്ചകൾ പൂർത്തിയായതിനുശേഷമാണ് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഡിമാന്റ് ഫോർ ഗ്രാന്റ്സ് കഴിഞ്ഞതിനുശേഷമാണ് നിയമസഭകളിലും പാർലമെന്റിലും ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത്. ശരിയായ കീഴ്വഴക്കമല്ലാത്തതിനാൽ ഇത്തരമൊരു പ്രത്യേക സാഹചര്യം വന്നത് സംബന്ധിച്ച് പരിശോധിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച അവസാനിച്ചതിനുശേഷം 22-03-2018-നാണ് വിഷയനിർണ്ണയ സമിതി ധനകാര്യ ബിൽ പരിഗണിക്കുന്നത്. 27-03-2018-നാണ് ധനകാര്യ ബിൽ നിയമസഭ പാസ്സാക്കുന്നത്. അതിനാൽ ഇപ്രകാരം ബിൽ അവതരിപ്പിക്കുന്നതിൽ നിയമതടസ്സമില്ല.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: ഈ വർഷത്തെ ബഡ്ജറ്റ് നടപടിക്രമങ്ങൾ മാതൃകാപരമായ നിലയിൽ മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കേണ്ടതിനാലാണ് ഇത്തരമൊരു സാഹചര്യമുണ്ടായിട്ടുള്ളത്. ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കുന്നത് മാർച്ച് 27-ന് മാത്രമാണെന്ന് ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. പതിനൊന്നാം കേരള നിയമസഭയിലാണ് ഇതിനുമുമ്പ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. അന്ന് ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന സബ്ജക്ട് കമ്മിറ്റികൾ പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സഭയിൽ ധനാഭ്യർത്ഥന ചർച്ച ആരംഭിക്കുന്നതിനുമുമ്പായി 2005-ലെ ധനകാര്യ ബിൽ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 2005-ലെ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വരുന്ന പ്രത്യേക സാഹചര്യത്തിലാണ് അപ്രകാരം ചെയ്തതെന്ന ബന്ധപ്പെട്ട മന്ത്രിയുടെ വിശദീകരണം അന്നത്തെ ചെയർ അംഗീകരിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിൽ ഭരണഘടനാപരമോ ചട്ടപ്രകാരമോ ഉള്ള ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനമുള്ളതായ പരാമർശം അന്ന് സഭയിലുണ്ടായിട്ടില്ല. മാത്രമല്ല, പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡ്യുവറിലും ഈ നടപടിക്രമത്തിൽ

അപാകതയുള്ളതായി പറഞ്ഞിട്ടില്ല. അതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം മുമ്പുണ്ടായ കീഴ്വഴക്കത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ഒന്നല്ല എന്ന് റൂൾ ചെയ്യുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും സംയുക്തമായി പരിഗണിക്കുന്നതിനും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: 2018-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 22-10-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ശശി.:</u> 2018-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> 2018-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി:</u> 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനവും മുന്നൊരുക്കമില്ലാത്ത ജി.എസ്.ടി. നടപ്പാക്കലും സമ്പദ്ഘടനയ്ക്ക് കനത്ത ആഘാതമാണുണ്ടാക്കിയിട്ടുള്ളത്. ജി.എസ്.ടി. നിലവിൽ വന്നതോടെ നികുതി ചുമത്തുന്നതിനുള്ള സംസ്ഥാനങ്ങളുടെ അധികാരം പരിമിതപ്പെട്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയം കാരണം സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്. അത്തരം സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാർ നിലപാട് പ്രശംസനീയമാണ്. ജി.എസ്.ടി. നടപ്പാക്കിയ സന്ദർഭത്തിൽ സംസ്ഥാനത്തിന്റെ പരിമിതമായ അധികാര പരിധിക്കുള്ളിൽനിന്നുകൊണ്ട് ജനങ്ങൾക്ക് കൂടുതൽ ആഘാതം ഏൽപ്പിക്കാതെ നികുതി ചുമത്താനും വിഭവ

സമാഹരണം നടത്താനും ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ശ്രദ്ധേയമാണ്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്ന സമീപനം മാതൃകാപരമാണ്. കേരള ബാങ്ക് രൂപീകരിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കഴിഞ്ഞത് ശ്ലാഘനീയമാണ്. സാധാരണക്കാരെയും കൃഷിക്കാരെയും സംരക്ഷിച്ചുകൊണ്ടും ഉദാരവത്ക്കരണത്തേയും വർഗ്ഗീയതയേയും എതിർത്തുകൊണ്ടും ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടുമാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സമസ്ത മേഖലകളിലും വികസനം കൊണ്ടുവരാൻ പര്യാപ്തമായ രീതിയിലുള്ള പരിമിതമായ നികുതി നിർദ്ദേശങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>ശ്രീ. കെ. മുരളീധരൻ</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. വർഗ്ഗീയ ശക്തികളെ എതിർത്ത് തോൽപ്പിക്കുന്നതിനും ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും കക്ഷി-രാഷ്ട്രീയ ഭേദമെന്യേ മതേതര ശക്തികൾ ഒരുമിച്ച് നിൽക്കണം. വികസന പ്രവർത്തനങ്ങളെ അനുകൂലിക്കുന്ന നിലപാടാണ് എക്കാലത്തും പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. ലോക കേരള സഭ സംഘടിപ്പിച്ചിട്ടും പ്രവാസി ചിട്ടി ആരംഭിച്ചിട്ടും പ്രവാസി നിക്ഷേപങ്ങളെ ആകർഷിക്കാൻ സാധിച്ചില്ല.

കേരളത്തിന്റെ വികസനത്തിനായി യാതൊരു നടപടിയും സ്വീകരിച്ചില്ല. മുൻസർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ മദ്യഷാപ്പുകൾ തുറക്കാൻ തീരുമാനിക്കുകയും ബാറുകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിഷേധിക്കുകയും ചെയ്തിരിക്കുകയാണ്. മദ്യവർജ്ജനത്തിന് പകരം മദ്യവ്യാപനത്തിനാണ് സർക്കാർ ശ്രമിക്കുന്നത്. സർക്കാരിന്റെ മദ്യനയം തിരുത്തിക്കൊണ്ട് നാടിന്റെ വികസനത്തിനുവേണ്ടി ഒറ്റക്കെട്ടായി നിൽക്കണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. വിവിധ ക്ഷേമപെൻഷനുകളും കെ.എസ്.ആർ.ടി.സി. പെൻഷനും കുടിശ്ശിക ഉൾപ്പെടെ നൽകുകയും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുകയും വിവിധ വകുപ്പുകളിലായി നിരവധി നിയമനങ്ങൾ നടത്തുകയും ചെയ്തു. മുൻസർക്കാർ വരുത്തിവച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയും കശുവണ്ടി, കയർ, കൈത്തറി വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ ദുർബലപ്പെടുത്തുകയും സമ്പദ്ഘടന പ്രതിസന്ധിയിലാക്കുകയും ചെയ്തു. ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി വരുമാനം കുറയുകയും വിലവർദ്ധനവ് ഉണ്ടാകുകയും ചെയ്തു. വസ്തു ഇടപാടുകൾക്ക് ജി.എസ്.ടി. ബാധകമാക്കുന്നതോടുകൂടി സംസ്ഥാനത്തിന്

ഗണ്യമായ വരുമാന നഷ്ടമുണ്ടാകും. പൊതുമേഖലാ ബാങ്കുകളുടെ ചൂഷണത്തിനെതിരെയും വിദ്യാഭ്യാസ, കാർഷിക വായ്പകൾ അനുവദിക്കുന്നതിലുള്ള ജനവിരുദ്ധ സമീപനങ്ങൾക്കെതിരെയും ശക്തമായി ഇടപെടണം.

ശ്രീ. കെ. എൻ. എ. ഖാദർ: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. സംസ്ഥാനത്ത് ഒരു മേഖലയിലും പുരോഗതി കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുകയാണ്. ഭരണപരിഷ്കാരങ്ങൾ വരുത്തുന്നതിനും ചെലവ് കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചില്ല. ദിശാബോധമില്ലാത്ത ഗവൺമെന്റാണിത്. കാലഘട്ടത്തിനനുയോജ്യമായ സമീപനങ്ങളെടുക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഈ സർക്കാർ മദ്യവ്യാപനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.പി.എ. സർക്കാർ കേന്ദ്രത്തിൽ നടപ്പിലാക്കിവന്ന സാമ്പത്തിക നയങ്ങൾ എൻ.ഡി.എ. ഗവൺമെന്റ് തുടരുന്നതുമൂലം സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധിയിലും കശുവണ്ടിയുൾപ്പെടെയുള്ള വ്യവസായങ്ങൾ തകർച്ചയിലുമാണ്. ആഭ്യന്തര ഉത്പാദനം ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഉൽപ്പന്നങ്ങളുടെ വിലയിടിവും നോട്ട് നിരോധനവും സംസ്ഥാനത്തെ സഹകരണ മേഖലയെ ഉൾപ്പെടെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള

സംസ്ഥാനത്തിന്റെ ശ്രമങ്ങൾ പരാജയപ്പെടുകയും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നതിന് ഇടയാക്കുകയും ചെയ്തു. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയും സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുകയും പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് തുക നീക്കിവയ്ക്കുകയും വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: കാർഷിക മേഖലയെ തകർച്ചയിൽനിന്നും കരകയറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം. വിവിധ വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുന്നതിനായി തുക ചെലവഴിക്കാത്തത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്തണം. ജി.എസ്.ടി.യുടെ ഫലമായി വിവിധ മേഖലകളിലുണ്ടായ പ്രതിസന്ധിയും നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥയും പരിഹരിക്കുന്നതിനും കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കണം. ഉഴവൂരിലെ ഡോ. കെ. ആർ. നാരായണൻ മെമ്മോറിയൽ ആശുപത്രിയിൽ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമസ്ത മേഖലകളുടെ പുരോഗതിക്കായി വിവിധ മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി, സമഗ്ര വിദ്യാഭ്യാസ

സംരക്ഷണ യജ്ഞം തുടങ്ങിയവ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതികൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുകയും കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യുമ്പോൾ സംസ്ഥാന സർക്കാർ എല്ലാ വിഭാഗങ്ങളുടെയും ശമ്പളവും പെൻഷനും വർദ്ധിപ്പിക്കുകയും അടച്ചുപൂട്ടിയ സ്ഥാപനങ്ങളും സ്കൂളുകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഹരിത കേരളം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കാനുള്ള സർക്കാർ നടപടി അഭിനന്ദനാർഹമാണ്. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് അവരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് പോലെ വിനിയോഗിക്കാനും ഒരു കോടി രൂപ എന്ന പരിധിയിൽ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം. കേരളാ പ്രീ-പ്രൈമറി സ്കൂളുകളിലെ ആയമാരുടെ ശമ്പളം വർദ്ധിപ്പിക്കണം. കൊല്ലം ജില്ലയ്ക്ക് അനുവദിക്കുന്ന പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ് കൊട്ടാരക്കര സിവിൽ സ്റ്റേഷൻ കേന്ദ്രമാക്കി തുടങ്ങണം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ അനുവദിക്കണം.

ശ്രീ. പി. സി. ജോർജ്: പാവങ്ങൾക്ക് വാഗ്ദാനം ചെയ്ത അഞ്ച് ലക്ഷം വീടുകളുടെ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കിഫ്ബിയെ മെച്ചപ്പെടുത്തി വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. നോട്ട് നിരോധനവും ജി.എസ്.ടി.യും സംസ്ഥാന വരുമാനത്തെ സാരമായി ബാധിച്ച സാഹചര്യത്തിൽ ജനങ്ങളിൽ നികുതിഭാരം അധികരിക്കാത്ത വിധത്തിലുള്ള സമീപനങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. ജി.എസ്.ടി. നടപ്പിലായതോടെ വിൽപ്പന നികുതി ചുമത്താനുള്ള അധികാരം സംസ്ഥാനത്തിന് നഷ്ടപ്പെടുകയും ഐ.ജി.എസ്.ടി. പ്രകാരം കേന്ദ്രത്തിൽ നിന്നും കിട്ടേണ്ട വിഹിതം ലഭിക്കാത്തതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിലെ അവ്യക്തതമൂലം വ്യാപാരികളുടെ റിട്ടേൺ സമർപ്പണം അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ചെക്ക്പോസ്റ്റുകളിൽ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തണം. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അധിക വിഭവസമാഹരണം നടത്താൻ നടപടി സ്വീകരിക്കണം. സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ വിഭവസമാഹരണം പ്രശംസനീയമാണ്. ആന്വൽ റിട്ടേണുകളിലെ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് അവസരം നൽകുന്നതോടൊപ്പം മനഃപൂർവ്വമല്ലാത്ത

പിഴവുകൾ തിരുത്താൻ വ്യാപാരികൾക്ക് അവസരം നൽകണം. വിദേശ മദ്യം വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ വിൽപ്പന നടത്താനുള്ള തീരുമാനം സംസ്ഥാനത്തിന് ഗുണകരമാണ്. ഇലക്ട്രിക്/സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന മോട്ടോർ വാഹനങ്ങൾക്ക് നികുതിയിൽ വരുത്തിയ ഇളവ് ശ്ലാഘനീയമാണ്. നികുതി അടയ്ക്കുന്നതിനുള്ള സമഗ്രമായ വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീർപ്പാകാത്ത പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും വിഭാവനം ചെയ്ത സമാശ്വാസ പദ്ധതി ഈ ബില്ലിലൂടെ സാക്ഷാത്കരിക്കപ്പെടും. സംസ്ഥാനത്തിന്റെ വികസന താൽപര്യം മുൻനിർത്തിക്കൊണ്ട് അവതരിപ്പിക്കപ്പെട്ട ഈ ബില്ലിലെ എല്ലാ വ്യവസ്ഥകളും ഐകകണ്ഠ്യേന അംഗീകരിക്കണം.

ശ്രീ. എം. ഉമ്മർ: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. പുതിയ നികുതി നിർദ്ദേശങ്ങളിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മദ്യ നയത്തിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക യഥാവിധി ചെലവഴിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. പദ്ധതികൾ പ്രഖ്യാപനത്തിൽമാത്രം ഒതുങ്ങുകയാണ്. സംസ്ഥാനം മാച്ചിംഗ് ഗ്രാന്റ് നൽകാത്തതിനെത്തുടർന്ന് പല കേന്ദ്രാവിഷ്കൃത പദ്ധതികളും വെട്ടിച്ചുരുക്കി. നഗരങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട്

കേന്ദ്രസർക്കാർ ആവിഷ്കരിച്ച 'അമൃത്' പദ്ധതിക്കും ആർ.കെ.വി.വൈ. പദ്ധതിക്കും അനുവദിച്ച തുക നഷ്ടപ്പെടുന്ന അവസ്ഥ സംജാതമായിരിക്കുന്നു. നികുതി പിരിവ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. മികച്ച ബഡ്ജറ്റ് അവതരണത്തിലൂടെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ട്. ജി.എസ്.ടി.-യും നോട്ട് നിരോധനവും കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുകയാണ്. കിഫ്ബി പോലുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. സാധാരണക്കാരന്റെ വാങ്ങൽ ശേഷി കുറയാതിരിക്കാൻ പുതിയ സാദ്ധ്യതകൾ കണ്ടെത്തണം. മദ്യവർജ്ജനത്തിന് സമഗ്രവും ശാസ്ത്രീയവുമായ രൂപരേഖ ഉണ്ടാക്കണം. പൊതു കമ്പോളങ്ങളെ സജീവമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എസ്. ശർമ്മ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് ദോഷകരമായ നികുതി നിർദ്ദേശങ്ങളില്ലാത്തതും വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുന്നതുമായ ധനകാര്യ ബിൽ അഭിനന്ദനാർഹമാണ്. ജി.എസ്.ടി.-യും നോട്ട് നിരോധനവും കേരളത്തിന്റെ സമ്പദ്ഘടനയെ തകിടം മറിച്ചിട്ടും സാമ്പത്തിക പുരോഗതിക്കായി സമാന്തര

മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ കഴിഞ്ഞത് ഇന്ത്യയ്ക്ക് മാത്രമാണ്. മുൻഗണനാക്രമത്തിൽ ക്ഷേമ പദ്ധതികളും വികസന പദ്ധതികളും നടപ്പാക്കുന്നത് ഈ ഗവൺമെന്റിന്റെ മുഖമുദ്രയാണ്. കേന്ദ്ര സർക്കാർ എക്കാലവും കർഷക വിരുദ്ധ നയമാണ് നടപ്പിലാക്കുന്നത്. നോട്ട് നിരോധനവും ജി.എസ്.ടി.-യും സംസ്ഥാനങ്ങളുടെ നികുതി വരുമാനം കുറയ്ക്കുകയും സമ്പദ്ഘടനയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുകയും വിലക്കയറ്റത്തിനിടയാക്കുകയും ചെയ്തിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ധനകാര്യ ബില്ലുകളെ എതിർക്കുന്നു. വികസനപ്രവത്തനങ്ങൾക്ക് മുൻഗണന നൽകുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ധനക്കമ്മി മൂന്ന് ശതമാനമായി കുറയ്ക്കുമെന്നും റവന്യൂ കമ്മി പൂജ്യം ശതമാനത്തിലെത്തിക്കുമെന്നുമുള്ള പ്രഖ്യാപനം യാഥാർത്ഥ്യമായില്ല. സംസ്ഥാന സർക്കാരിന്റെ പൊതുകടവും ആളോഹരി കടവും അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയും മൂലധനച്ചെലവ് കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. 14,000 കോടി രൂപയുടെ വായ്പകൾക്ക് മാത്രമേ സർക്കാരിന് നിലവിൽ ഗ്യാരന്റി നിൽക്കാൻ കഴിയുകയുള്ളൂ. വായ്പകൾക്ക് ഗ്യാരന്റി നൽകാനുള്ള ഘടനയിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നതിലൂടെ കിഫ്ബിയിലൂടെ കടബാധ്യതയിൽനിന്നും രക്ഷപ്പെടാനുള്ള സർക്കാർ ശ്രമമാണ് വ്യക്തമാകുന്നത്. കിഫ്ബിയിയിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് മതിയായ തുക കണ്ടെത്താനായില്ല.

കിഫ്ബി ജീവനക്കാരുടെ ശമ്പളഘടന പുന:പരിശോധിക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണെന്ന വാദം അപഹാസ്യമാണ്. ബാറുകൾ പൂട്ടിയപ്പോൾ തൊഴിലാളികളുടെ പുനരധിവാസത്തിനായി ഏർപ്പെടുത്തിയ സെസ് എടുത്തുമാറ്റുന്നത് ആശങ്കാജനകമാണ്. ഭൂമിയുടെ ന്യായവില പത്ത് ശതമാനം വർദ്ധിപ്പിക്കുന്നതും രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുന്നതും ഖേദകരമാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര രജിസ്ട്രേഷന് രണ്ട് തരം ഫീസ് ഈടാക്കാമെന്ന ബില്ലിലെ വ്യവസ്ഥയും സർക്കാരിന്റെ സേവനങ്ങൾക്ക് ഏർപ്പെടുത്തുന്ന അഞ്ച് ശതമാനം നികുതിയും പിൻവലിക്കണം. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ 25% നികുതി വർദ്ധനവ് പ്രതീക്ഷിച്ചിരുന്നെങ്കിലും 14% വർദ്ധനവ് മാത്രമാണ് ഉണ്ടായത്. ജി.എസ്.ടി. നടപ്പാക്കിയതോടെ സംസ്ഥാനത്തിന്റെ സാമ്പത്തികനില തകിടം മറിഞ്ഞിരിക്കുകയാണ്. ലൈറ്റ് മെട്രോ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം തുടങ്ങിയ വൻകിട പദ്ധതികൾ അവതാളത്തിലായിരിക്കുകയാണ്. 3 ശതമാനം അധിക നികുതി ഒഴിവാക്കിക്കൊടുക്കണമെന്ന അടയ്ക്കാ വ്യാപാരികളുടെ ആവശ്യത്തിന്മേലും ജി.എസ്.ടി. നിലവിൽ വന്നിട്ടും വാറ്റ് നികുതിയുടെ പേരിൽ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന ചെറുകിട സ്വർണ്ണവ്യാപാരികളുടെ ആവശ്യത്തിന്മേലും അനുകൂല നിലപാട് സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഈ വർഷം രണ്ടര ലക്ഷം പേർക്ക് വീട് നിർമ്മിച്ചുനൽകാൻ ഉദ്ദേശിക്കുന്നുണ്ട്. വിശപ്പുരഹിത കേരളത്തിലേയ്ക്കുള്ള മാറ്റമാണ് സർക്കാരിന്റെ മറ്റൊരു ലക്ഷ്യം. പൊതുവിദ്യാലയങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ മൂവായിരം കോടിയിലേറെ രൂപയും ആരോഗ്യ മേഖലയിൽ അയ്യായിരം കോടിയിലേറെ രൂപയും മുടക്കാനും അയ്യായിരത്തോളം തസ്തികകൾ സൃഷ്ടിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കുടിശ്ശികയില്ലാതെ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് സാധിക്കുന്നുണ്ട്. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലകളുടെ ഉന്നമനത്തിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് മൂലധന നിക്ഷേപം ആകർഷിക്കാനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ലക്ഷ്യമിടുന്നത്. പണിതീരാതെ കിടക്കുന്ന 75,000-ത്തോളം വീടുകളുടെ നിർമ്മാണം ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിനും വീടില്ലാത്ത മുഴുവൻ പേർക്കും വീട് നിർമ്മിച്ചുനൽകുന്നതിനും പരമ്പരാഗത മേഖലയുടെ ഉന്നമനത്തിനും സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. നവംബർ വരെയുള്ള കണക്കുകൾ പ്രകാരം ചെലവിൽ 25 ശതമാനം വർദ്ധനവുണ്ടായപ്പോൾ വരുമാന വർദ്ധനവ് 9 ശതമാനം മാത്രമാണ്. ധനകമ്മി 3

ശതമാനത്തിലും റവന്യൂകമ്മി പൂജ്യത്തിലും എത്തിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വരുമാനം വർദ്ധിക്കുന്നില്ലെങ്കിൽ ചെലവ് ചുരുക്കി ഫിസ്കൽ കൺസോളിഡേഷൻ വേണമെന്ന സമീപനം ധനനയത്തിൽ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന വരുമാനത്തിന്റെ മൂന്ന് ശതമാനത്തിനു മുകളിൽ വായ്പയെടുക്കാൻ കഴിയില്ലെന്നിരിക്കെ സംസ്ഥാനം കടക്കെണിയിലാണെന്ന പ്രതിപക്ഷ വിമർശനം വസ്തുതാപരമല്ല. മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചത് അഭിമാനകരമാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ എണ്ണം ഈ വർഷം ഇരുപതിലേയ്ക്ക് ഉയർത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 6 ശതമാനം പലിശയ്ക്ക് വായ്പയെടുത്ത് പശ്ചാത്തല സൗകര്യവികസനം വേഗത്തിൽ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ലൈഫ് പദ്ധതിക്ക് വേണ്ടിവരുന്ന അധികതുക സംസ്ഥാന സർക്കാർ വായ്പയെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും അതിന്റെ പലിശ സർക്കാർ വഹിക്കുകയും ചെയ്യും. ഭൂനികുതിയിൽ ന്യായമായ വർദ്ധനവ് മാത്രമേ സർക്കാർ വരുത്തിയിട്ടുള്ളൂ. വിദേശമദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കാതെ നിലവിലുള്ള ചാർജ്ജുകളും സർചാർജ്ജുകളും ഏകീകരിക്കുകയും പ്രോഫിറ്റിന്റെ ഷെയർ കുറയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്. വാറ്റിന്റെ നികുതിചോർച്ച ഒഴിവാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

സി.എസ്.ടി.-യിൽ കുറവ് വരുത്തുന്നതിനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനില്ലെന്ന അഭിപ്രായമാണ് നിയമ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ളത്. അടയ്ക്ക ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങൾക്ക് നികുതി കുറയ്ക്കുന്നതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ കേരള ധനകാര്യ ബില്ലും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(iii) 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

(iv) 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. വിജയദാസ്: 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.03.2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.04.2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരളത്തിന്റെ പൊതുസ്വത്ത് ഭരണ-പ്രതിപക്ഷ ഭേദമെന്യേ ജനപ്രതിനിധികൾ വീതിച്ചെടുക്കുന്നതായ തെറ്റായ വാർത്തകളാണ് പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. പേമെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസ് ആക്ട് പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാംഗങ്ങൾ എന്നിവർക്കുള്ള ആനുകൂല്യങ്ങൾ ഭരണഘടനാപരമായി നിശ്ചയിച്ചിട്ടുള്ളതാണ്. സംസ്ഥാനങ്ങൾ ഇത്തരമൊരു നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുമുൻപ് ഭരണഘടനയുടെ രണ്ടാം ഷെഡ്യൂളിലാണ് സാലറീസ് ആന്റ് അലവൻസ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നത്. 1951-ൽ സംസ്ഥാന ഗവൺമെന്റ്

ഇതുസംബന്ധിച്ച നിയമം പാസ്സാക്കുകയും വിവിധ ഘട്ടങ്ങളിലായി 34 ഭേദഗതികൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. 2012-ലെ ഭേദഗതിയിലൂടെയാണ് മന്ത്രിമാർക്കും സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും നിയമസഭാ സാമാജികർക്കും അവസാനമായി അലവൻസ് വർദ്ധിപ്പിച്ചുനൽകിയത്. അലവൻസ് വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജയിംസ് കമ്മിഷൻ ശിപാർശ ചെയ്തതിനെക്കാളും കുറഞ്ഞ തുക ശമ്പളമായി നൽകാനും 2018 ഏപ്രിൽ 1 മുതൽ പ്രാബല്യം നൽകാനും മന്ത്രിമാർക്കും സ്പീക്കർക്കും 10 ലക്ഷം രൂപയുടെ പലിശരഹിത വാഹന വായ്പയും നാല് ശതമാനം പലിശനിരക്കിൽ 20 ലക്ഷം രൂപയുടെ ഭവന നിർമ്മാണവായ്പയും നൽകാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. യാത്രാ ബത്ത സംബന്ധിച്ച് വളരെ വ്യക്തമായ നിർദ്ദേശങ്ങൾ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിയമസഭാ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് പ്രതിവർഷം പരമാവധി അൻപതിനായിരം രൂപ വിമാനയാത്രയ്ക്ക് അനുവദിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻ സർക്കാരിനെ അപേക്ഷിച്ച് ഈ സർക്കാർ മന്ത്രിമാരുടെ എണ്ണം കുറയ്ക്കുകയും ചെലവ് ചുരുക്കലിന് പ്രാധാന്യം നൽകുകയുമാണ് ചെയ്യുന്നത്. മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതും മറ്റ് ചെലവുകളും സംബന്ധിച്ച് കുപ്രചരണം നടത്തുന്ന മാധ്യമ നിലപാട് അവസാനിപ്പിക്കണം. ഭരണഘടനാനുസൃതമായാണ് നിയമസഭാ സാമാജികരുടെ ശമ്പളവും ബത്തകളും വർദ്ധിപ്പിച്ചിരിക്കുന്നത്.

ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഭരണഘടനാനുസൃതമായാണ് ജനപ്രതിനിധികൾ ബത്തയും ശമ്പളവും അലവൻസുകളും വാങ്ങുന്നത്. നിയമപ്രകാരം അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനെതിരെ ചില മാധ്യമങ്ങൾ ബോധപൂർവ്വം തെറ്റായ പ്രചരണം നടത്തുന്ന നിലപാടാണ് സ്വീകരിക്കുന്നത്. നിയമസഭാ സാമാജികരുടെ ശമ്പളം അഞ്ച് വർഷത്തിലൊരിക്കൽ പരിഷ്കരിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്താണ് ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചത്. കേരളത്തിലെ നിയമസഭാ സാമാജികർക്ക് ലഭിക്കുന്നതിനേക്കാൾ ഇരട്ടി ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് മറ്റ് സംസ്ഥാനങ്ങളിലെ ജനപ്രതിനിധികൾക്ക് ലഭിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും പൊതുജനതാത്പര്യവും കണക്കിലെടുത്താണ് അത്തരത്തിലുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാൻ കേരളത്തിലെ നിയമസഭാ സാമാജികർ ശ്രമിക്കാത്തത്. ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതുവഴി ജനപ്രതിനിധികൾക്ക് പൊതുരംഗത്ത് സജീവമായി ഇടപെടാനും കാര്യക്ഷമമായി പ്രവർത്തിക്കാനും സാധിക്കും. കൂട്ടായ ചർച്ചയിലൂടെ ജയിംസ് കമ്മിറ്റി ശിപാർശ ചെയ്ത

ആനുകൂല്യങ്ങളിൽ കുറവു വരുത്തിയും മുൻകാല പ്രാബല്യം നൽകാതെയും ചെലവ് ചുരുക്കുകയാണ് ചെയ്തിരിക്കുന്നത്.

മി. സ്പീക്കർ: നിയമസഭാ സാമാജികരുടെയും മുൻ സാമാജികരുടെയും വേതനം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതും ജനപ്രതിനിധികളുടെ സത്യസന്ധവും സുതാര്യവുമായ പ്രവർത്തനത്തിന് ന്യായമായ വേതനം ഉറപ്പുവരുത്തേണ്ടതും ആവശ്യമാണ്. ജനപ്രതിനിധികളെ ദുസ്വാധീനത്തിലേയ്ക്കും വ്യതിയാനങ്ങളിലേയ്ക്കും നയിക്കാതിരിക്കാനുള്ള ഉപാധികൂടിയാണ് ശമ്പള പരിഷ്കരണം. ആ നിലയിൽ കാര്യങ്ങളെ കണ്ട് പൊതുസമൂഹത്തിലെത്തിക്കാനുള്ള ബാധ്യത മാധ്യമങ്ങൾ നിറവേറ്റണം.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാത്രി 8.30-ന് പിരിഞ്ഞു.